# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.92/PR/PIC/PHQ/13 Date : 25.09.2013

## 'കൊക്കോൺ 2013' അന്താരാഷ്ട്ര സൈബർ സുരക്ഷാ കോൺഫറൻസിന് നാളെ (27/09/2013) തുടക്കമാവും

കേരള പോലീസ് തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സൈബർ സെക്യൂരിറ്റി പോലീസിങ് കോൺഫറൻസ് 'കൊക്കോൺ 2013' ന് ഹോട്ടൽ താജ് വിവന്തയിൽ നാളെ തുടക്കമാവും. സൈബർകുറ്റകൃത്യങ്ങളെ സംബന്ധിച്ചും സൈബർസുരക്ഷയെ സംബന്ധിച്ചുമുള്ള ഏറ്റവും പുതിയ വിവരങ്ങളും പ്രവണതകളും ബന്ധപ്പെട്ട ഏജൻസികൾ ഒരുമിച്ചിരുന്ന് ചർച്ചചെയ്യുകയും പരസ്പരം കൈമാറുകയും ചെയ്യുക, കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പാക്കുന്നതിനുമായി വിവിധ സർക്കാർ ഏജൻസികളും സംരഭകരും സ്വകാര്യ സേവനദാതക്കളും തമ്മിൽ ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടത്തുന്ന ആറാമതു സമ്മേളനമാണ് ഇത്തവണ തലസ്ഥാനത്ത് അരങ്ങേറുന്നത്. സംസ്ഥാന ഐ.ടി. മിഷൻ, ഇൻഫർമേഷൻ സെക്യൂരിറ്റി റിസർച്ച് അസോസിയേഷൻ(ഇസ്റ), സൊസൈറ്റി ഫോർ പോലീസിങ് ഓഫ് സൈബർ സ്പെയ്സ്, സെർട്ട്. ഇൻ കേരള (CERT.in Kerala) തുടങ്ങിയ ഏജൻസികളും സംഘാടനത്തിൽ കേരള പോലീസിനൊപ്പമുണ്ട്. സൈബർ സുരക്ഷയിലെ പുതിയ കണ്ടെത്തലുകൾ, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കണ്ടത്തെലും തടയലും, സേവനം നല്കൽ മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൈസേഷൻ, ഏജൻസികളുടെ ശേഷീവർദ്ധനയ്ക്കായി ഡിജിറ്റലൈസേഷന്റെ ഉപയോഗം, സൈബർ സുരക്ഷിത സർക്കാർ, സൈബർ കുറ്റകൃത്യങ്ങൾ തടയൽ, ധാർമികമായി ന്യായീകരിക്കാവുന്ന ഹാക്കിങ് (Ethical Hacking) തുടങ്ങിയ വിഷയങ്ങളിൽ രണ്ട് വിഭാഗങ്ങളിലായി ശില്പശാലകളും അവതരണങ്ങളും കോൺഫറൻസിന്റെ ഭാഗമായി നടക്കും. വാർഡ്രൈവിങ്, സൈബർ പെട്രോളിങ് തുടങ്ങിയ വിഷയങ്ങളിൽ വിവിധ നിയമ, സാങ്കേതിക, സാങ്കേതികേതര ഗ്രൂപ്പ് ഇവന്റുകളും ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, വ്യവസായ-ഇൻഫർമേഷൻ വകുപ്പു മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, ആഭ്യന്തര-വിജിലൻസ് വകുപ്പു മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ, ആരോഗ്യ- ദേവസ്വം വകുപ്പു മന്ത്രി വി.എസ്. ശിവകുമാർ, തിരുവനന്തപുരം നഗരസഭാമേയർ അഡ്വ. കെ. ചന്ദ്രിക എന്നിവർ കോൺഫറൻസിന്റെ ഉദ്ഘാടന- സമാപന യോഗങ്ങളിലായി പങ്കെടുക്കും.

കഴിഞ്ഞ വർഷത്തെ കൊക്കോൺ കോൺഫറൻസ് വിജയകരമായി സംഘടിപ്പിച്ചതിന് കേരളാ പോലീസിന് ലഭിച്ച ഏഷ്യാ പെസഫിക്ക് ഇൻഫർമേഷൻ സെക്യൂരിറ്റി ലീഡർഷിപ്പ് അച്ചീവ്മെന്റ് (ഇസ്ല)

അവാർഡ് സമ്മേളനത്തോടനുബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി കെ.എസ്. ബാലസുബ്രഹ്മണ്യൻ ഏറ്റുവാങ്ങും.

ഹോട്ടൽ താജ് വിവന്തയിൽ 27ന് രാവിലെ ഒൻപതിന് ആഭ്യന്തര-വിജിലൻസ് വകുപ്പു മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. വ്യവസായ-ഇൻഫർമേഷൻ വകുപ്പു മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി അധ്യക്ഷത വഹിക്കും. ചീഫ് സെക്രട്ടറി ഇ.കെ. ഭരത് ഭൂഷൺ വിശേഷാൽ പ്രഭാഷണം നടത്തും. ആഭ്യന്തര- വിജിലൻസ് പ്രിൻസിപ്പൽ സെക്രട്ടറി എൽ. രാധാകൃഷ്ണൻ ആശംസ അർപ്പിക്കും. നാഷണൽ സെക്യൂരിറ്റി ഡെപ്യൂട്ടി അഡ്വൈസറും ഭാരത സർക്കാർ സെക്രട്ടറിയുമായ നെഷാൽ സന്ധു മുഖ്യപ്രഭാഷണം നടത്തും. സംസ്ഥാന പോലീസ് മേധാവി കെ.എസ്. ബാലസുബ്രഹ്മണ്യൻ സ്വാഗതവും എഡിജിപി (ക്രൈംസ്) വിൻസൺ എം. പോൾ നന്ദിയും പറയും.

28ന് രാവിലെ 9.30ന് പോൾസൈബി (POLCYB) എക്സിക്യൂട്ടിവ് ഡയറക്ടർ ബസി പാങ് മുഖ്യപ്രഭാഷണം നടത്തും. വൈകിട്ട് അഞ്ചിന് നടക്കുന്ന സമാപന യോഗത്തിൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി സമാപന പ്രഭാഷണം നടത്തും. ആരോഗ്യ-ദേവസ്വം വകുപ്പു മന്ത്രി വി.എസ്. ശിവകുമാർ അദ്ധ്യക്ഷത വഹിക്കും. മേയർ അഡ്വ. കെ. ചന്ദ്രിക മുഖ്യാതിഥിയായിരിക്കും. ഐ.ടി. പ്രിൻസിപ്പൽ സെക്രട്ടറി പി.എച്ച്. കുര്യൻ, ഇസ്റ ഡയറക്ടർ മനു സക്കറിയ എന്നിവർ ആശംസ അർപ്പിക്കും. സംസ്ഥാന പോലീസ് മേധാവി കെ.എസ്. ബാലസുബ്രഹ്മണ്യൻ സ്വാഗതവും, ഹെഡ്ക്വാർട്ടേഴ്സ് ഐ.ജി. മനോജ് എബ്രഹാം നന്ദിയും പറയും.

വിവിധ സംസ്ഥാനങ്ങളിലെ ഡിജിപിമാർ, സൈബർ യൂണിറ്റ് എഡിജിപിമാർ, എൻ.ഐ.എ. യുടെ മുതിർന്ന ഉദ്യോഗസ്ഥർ, സി.ബി.ഐ., ഐ.ബി., റാ, എൻ.സി.ആർ.ബി., ബി.പി.ആർ.ഡി., സെർട്ട്.ഇൻ തുടങ്ങിയ ഏജൻസികളുടെ സീനിയർ ഓഫീസർമാർ എന്നിവർക്കൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള സൈബർ സെക്യൂരിറ്റി വിദഗ്ധരും വിദ്യാർഥികളുമുൾപ്പെടെയുള്ളവർ പ്രതിനിധികളായി കൊക്കോണിൽ പങ്കെടുക്കുന്നുണ്ട്.